സ്റ്റാഫ് ഹോസ്റ്റലാക്കി മാറ്റിയിട്ടുണ്ട്. ഈ ആവശ്യത്തിനായി അനുവദിച്ചിരുന്ന 20.50 ലക്ഷം രൂപ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പാണ് ഈ നവീകരണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചത്.

10. 2011-ൽ ഈ സ്ഥാപനത്തിന് കമ്പ്യൂട്ടർ സയൻസിൽ ഒരു എം.ടെക് കോഴ്സും 2012 -ൽ മെക്കാനിക്കൽ വിഭാഗം ബി.ടെക് കോഴ്സും അനുവദിച്ചു.

(ബി) നിലവിൽ ഈ സ്ഥാപനത്തിൽ ബി.ടെക്-ൽ കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ്, ഐ.റ്റി., മെക്കാനിക്കൽ കോഴ്സുകളും എം.ടെക്-ൽ കമ്പ്യൂട്ടർ സയൻസ് കോഴ്സുകളുമുണ്ട്. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ ബി.ടെക്ക് കോഴ്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്.

മഹാത്മാഗാന്ധി സർവകലാശാല അദ്ധ്യാപക നിയമനം

20 (1037) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി സർവ്വകലാശാല നിയമന അംഗീകാരം നൽകിയ കോതമംഗലം എം.എ. കോളേജ് കോമേഴ്സ് വിഭാഗം അദ്ധ്യാപകനായ ശ്രീ. സജിൻ പോളിന്റെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) 2011-ൽ നിയമനം ലഭിച്ച ശ്രീ. സജിൻ പോളിന്റെ നിയമനം അംഗീകരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കോളേജുകൾക്ക് സ്വയംഭരണ പദവി

21 (1038) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏത്ര കോളേജുകൾക്ക് സ്വയംഭരണ പദവി ലഭിച്ചിട്ടുണ്ട് ; അതിന്റെ ലിസ്റ്റ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ നടത്തിയ വിലയിരുത്തൽ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 11 കോളേജുകൾക്ക് യു.ജി.സി. സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കോളേജുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം.
2. ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം.
3. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി.
4. സെന്റ് തെരേസാസ് കോളേജ്, എറണാകുളം.
5. സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം.
6. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം.
7. മഹാരാജാസ് കോളേജ്, എറണാകുളം.
8. സെന്റ് തോമസ് കോളേജ്, തൃശ്ശൂർ.
9. എം.ഇ.എസ്. കോളേജ്, മമ്പാട്.
10. ഫാറോക്ക് കോളേജ്, കോഴിക്കോട്.
11. സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട്.

(ബി&സി) സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ പ്രവർത്തനം വിലയിരുത്താനും പരാതികൾ വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി നടപടികൾ ശിപാർശ ചെയ്യാനും വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായുള്ള സ്വയംഭരണ അംഗീകാര സമിതിക്ക് അധികാരമുണ്ട്. സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പ്രകാരം ഇക്കാര്യം ഉറപ്പാക്കിയിട്ടുണ്ട്. സ്വയംഭരണ അംഗീകാര സമിതി ഇത്തരമൊരു വിലയിരുത്തൽ നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly